പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*25 — 7.8.2017 ൽ മറുപടിയ്ക്ക്

# അനുയാത്ര പദ്ധതി

ചോദ്യം — മറുപടി

ശ്രീ.മുല്ലക്കര രത്നാകരൻ — ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

ശ്രീമതി ഗീതാ ഗോപി — (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ

ശ്രീ.കെ. രാജൻ

| | |
|---|---|
| (എ) കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിനായി 'അനുയാത്ര' എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; | (എ) സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനം ആക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 'അനുയാത്രാ' എന്ന പേരിൽ സമഗ്രമായ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അംഗപരിമിതികൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ മുതൽ ഇവരുടെ സുസ്ഥിരമായ പുനരധിവാസം വരെയുള്ള ഒരു ജീവിത ചക്ര സമീപനമാണ് അനുയാത്രാ പദ്ധതിയിലൂടെ നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. സാമൂഹ്യനീതി വകുപ്പ്, മറ്റ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് അനുയാത്രാ പദ്ധതി നടപ്പാക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) അംഗപരിമിതികൾക്ക് കാരണമാവുന്ന അവസ്ഥകൾ പ്രതിരോധിക്കുന്നതുമുതൽ ഇവരുടെ പുനരധിവാസം വരെ ലക്ഷ്യമിടുന്ന വിവിധ പ്രവർത്തനങ്ങളാണ് അനുയാത്രയുടെ ഭാഗമായി നടപ്പാക്കുന്നത്. പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം<br>2. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി<br>3. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>4. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ<br>5. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം<br>6. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ<br>7. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ<br>8. സ്പെഷ്യൽ അങ്കണവാടികൾ<br>9. പ്രോജക്ട് ഓട്ടിസം |

| | |
|---|---|
| | 10. കാതോരം<br>11. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)<br>12. ഹെൽപ്പ് ഡെസ്ക്<br>13. ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ<br>14. കറക്ഷൻ സർജറികൾ<br>15. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ കമ്മ്യൂണിറ്റി റീഹാബിലിറ്റേഷൻ<br>16. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും<br>17. വ്യക്തിഗത പരിപാലന പ്ലാൻ<br>18. ദേശീയ ശില്പശാല<br>19. അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ദ്ധ കേന്ദ്രം<br>20. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ -എംപവർ<br>21. പരിക്കുകൾ മൂലം ഉണ്ടാവുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ<br>22. അനുയാത്ര- വി കെയർ ഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ് |
| (സി) ഭിന്നശേഷിയുള്ളവരുടെ പുനരധിവാസത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി)ഭിന്നശേഷിയുള്ളവരുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള റീഡേഴ്സ് അലവൻസ്<br>2. അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്<br>3. കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം<br>4. വികലാംഗ ദുരിതാശ്വാസ നിധി ചികിത്സാ ധനസഹായം<br>5. വികലാംഗരായ മാതാപിതാക്കളുടെ പെൺമക്കൾക്ക്/വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം<br>6. വികലാംഗർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്<br>7. ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം<br>8. വിദ്യാജ്യോതി |

9. കിടപ്പ് രോഗികളെ ശുശ്രൂഷിക്കുന്ന രക്ഷകർത്താക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി-സ്വാശ്രയ
10. വിദ്യാകിരണം-അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി
11. തൊഴിൽപരിശീലന കേന്ദ്രങ്ങൾ
12. വൈകല്യമുള്ളവർക്കായുള്ള സർക്കാർ സ്ഥാപനങ്ങൾ
13. സ്പെഷ്യൽ അങ്കണവാടികൾ

താഴെ പറയുന്ന സംഘടനകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്.

1. CDMRP-Community Disability Management and Rehabilitation Programme
2. Alzhiemer's Related Disorder Society of India(ARDSI)
3. Epilepsy Care through Schools
4. Pallium India
5. State Nodal Agency Centre(SNAC)
6. ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി(NGO)
7. ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്(NGO)
8. Insight Project(SPACE)
9. District Psychiatric Rehabilitation Project(IMHANS)
10. SIMC(State Institute on Mentally Challenged)
11. ആശ്രയ

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാരുടെ പുനരധിവാസത്തി നായി ആവിഷ്കരിച്ചു വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. അംഗവൈകല്യമുള്ളവർക്കു ആവശ്യമായ ട്രൈസൈക്കിൾ, വീൽ ചെയർ, കൃത്രിമക്കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം
2. അംഗവൈകല്യമുള്ളവർക്കു വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ് ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി -

3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി
4. അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി
5. നാഷണൽ ഹാൻറിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/ വിദ്യാഭ്യാസ വായ്പ
6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി
7. ബി.പി.എൽ വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി വായ്പാ സബ്സിഡി
8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി
9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ
10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി-സംസ്ഥാനതലത്തിൽ നടപ്പാക്കൽ
11. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും
12. വികലാംഗരായ വയോജനങ്ങൾക്കു വേണ്ടിയുള്ള വൃദ്ധസദനം പരിപാലനം
13. കാഴ്ചവൈകല്യമുള്ള യുവതീ യുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി
14. ഭിന്നശേഷിക്കാർക്ക് 25000 രൂപ വരെ ജാമ്യമില്ലാത്ത വായ്പ നൽകുന്ന പദ്ധതി

സെക്ഷൻ ഓഫീസർ